**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2039** **30-07-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ ഭവനരഹിതർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിൽ നിലവിൽ ഭവനരഹിതരായ എത്ര പട്ടിക ജാതി/വർഗ്ഗ കുടുംബങ്ങളാണുള്ളത്; ഇതിൽ ഭൂരഹിതരായ ഭവനരഹിതർ എത്ര; വിവരം പഞ്ചായത്ത് അടിസ്ഥാത്തിൽ ലഭ്യമാക്കി നൽകാമോ; | (എ) | ഭവനരഹിതരായ 568 പട്ടികജാതി കുടുംബങ്ങളും 59 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്. ഭൂരഹിത ഭവനരഹിതരായ 272 പട്ടികജാതി കുടുംബങ്ങളും, 30 പട്ടികവർഗ്ഗ കുടുംബങ്ങളും ഉണ്ട്. പഞ്ചായത്ത് അടിസ്ഥാനമാക്കിയുള്ള വിവരം ചുവടെ ചേർക്കുന്നു. പഞ്ചായത്ത് പട്ടികജാതി പട്ടികവർഗ്ഗം ആലത്തൂർ 3 - എരിമയൂർ 9 - കിഴക്കഞ്ചേരി 22 3 കുഴൽമന്ദം 57 - മേലാർകോട് 68 - തേങ്കുറിശ്ശി 9 - വണ്ടാഴി 104 27 ആകെ 272 30 |
| (ബി) | ഇവരിൽ എത്ര പേർ ലൈഫ് മിഷൻ പദ്ധതി മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) | 184 പട്ടികജാതി കുടുംബങ്ങളും 8 പട്ടികവർഗ്ഗ കുടുംബങ്ങളും ലൈഫ് മിഷൻ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര എസ്.സി./ എസ്.റ്റി. കുടുംബങ്ങളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചുവെന്നുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ? | (സി) | 59പട്ടികജാതി കുടുംബങ്ങളുടെയും 19 പട്ടികവർഗ്ഗ കുടുംബങ്ങളുടെയും ഭവനനിർമ്മാണം ലൈഫ് മിഷൻ മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു. പഞ്ചായത്ത് പട്ടികജാതി പട്ടികവർഗ്ഗം ആലത്തൂർ 2 - എരിമയൂർ 12 - കിഴക്കഞ്ചേരി 5 17 കുഴൽമന്ദം 6 - മേലാർകോട് 3 - തേങ്കുറിശ്ശി 21 - വണ്ടാഴി 10 2 ആകെ 59 19 |

സെക്ഷൻ ഓഫീസർ